(ബി) സാധാരണക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വേമ്പനാട് കായൽ മേഖലയിലെ കുമരകം, വൈക്കം, എറണാകുളം എന്നീ പ്രദേശങ്ങളെ ഏകോപിപ്പിച്ച് ഒരു ടൂറിസം പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

ടൂറിസ്റ്റുകൾക്കായി സീപ്ലെയിൽ സർവ്വീസ് ആരംഭിക്കാൻ നടപടി

70(1548) ശ്രീ. എ.കെ. മണി:

ശ്രീ. ലൂഡി ലൂയിസ്:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റുകളുടെ ആവശ്യാർത്ഥം സീപ്ലെയിൽ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർവ്വീസുകൊണ്ട് ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി, സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ചുവരുന്നതേയുള്ളൂ.

ടൂറിസം വകുപ്പിന്റെ സഹായത്തോടെ നിർമ്മിക്കുന്ന തിരുവനന്തപുരം ജില്ലയിലെ റോഡുകൾ

71(1549) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ തിരുവനന്തപുരം നഗരത്തിലെ കേശവദാസപുരം-പി.എം.ജി.റോഡ് മാതൃകാ റോഡാക്കാനായി ഭരണാനുമതി ലഭിച്ച പദ്ധതി ഇപ്പോൾ ഏതവസ്ഥയിലാണെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ മറ്റ് ഏതെല്ലാം റോഡുകൾ നിർമ്മിക്കുന്നുവെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം മാത്യകാ റോഡിന്റെ പണി കരാറുകാരന് അവാർഡ് ചെയ്തിട്ടുണ്ട്. പണി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണം നടന്നുവരുന്നു.

1. ചൊവ്വര മണൽതീരം ബീച്ച് റോഡ്.
2. പുളിക്കുടി-അഴിമാലത്തുറ ബീച്ച് റോഡ്
3. നെല്ലിക്കുന്ന് ബീച്ച് റോഡ്.
4. കോവളം ബീച്ചിനേയും ഹാർബറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്.
5. അഞ്ചുതെങ്ങ് കോട്ടയിലേക്കുള്ള റോഡ്.
6. ടി.പി. റോഡിൽ നിന്നും പൊൻമുടി ടൂറിസ്റ്റ് റിസോർട്ടിലേക്കുള്ള അപ്രോച്ച് റോഡ്.

ടൂറിസം വകുപ്പിൽ പരസ്യ പ്രചാരണ പ്രവർത്തനം നടത്തുന്ന ഏജൻസികൾ

72(1551) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ പരസ്യ പ്രചാരണ പ്രവർത്തനം നടത്തുന്നതിന് ഏജൻസികളെ നിയമിച്ച് തുടങ്ങിയത് ഏത് വർഷം മുതലാണ്;

(ബി) കഴിഞ്ഞ ആറ് വർഷമായി ഏതൊക്കെ ഏജൻസികളെയാണ് പരസ്യ പ്രചരണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഏതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിൽ പരസ്യപ്രചാരണ പ്രവർത്തനം നടത്തുന്നതിനു വേണ്ടി 1990 മുതൽ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

(ബി) സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് തിരുവനന്തപുരം, ഗ്രേവേൾഡ് വൈഡ് ബാംഗ്ലൂർ, ക്രയോൺസ് അഡ്വർടൈസിംഗ് ന്യൂഡൽഹി, ട്രിക്കേയ ഗ്രേ ബാംഗ്ലൂർ,

LIBRARY ARCHIVES Kerala Legislative Assembly